6. അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ചുകൊണ്ട് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും വല നിയന്ത്രണങ്ങൾ നടപ്പിലാക്കുക. മേഖലാടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ (ഉദാ. കരിക്കാടി) നയപരമായ തീരുമാനങ്ങളിലൂടെ ശാസ്ത്രീയമായി അവലോകനം ചെയ്ത് അതിന്റെ നേട്ടങ്ങൾ കണക്കാക്കുക.

7. വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും മത്സ്യത്തൊഴിലാളികൾക്ക് കപ്പാസിറ്റി അവെയർനെസ്സ് ബിൽഡിംഗ് പ്രോഗ്രാമുകളും സർക്കാർ നടപ്പിലാക്കുക.

## പോലീസിലെ ക്രിമിനലിസം

24(*624) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ വർദ്ധിച്ചുവരുന്ന ക്രിമിനലിസം തടയാൻ നടപടിയെടുക്കണമെന്ന് ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടായിട്ടുണ്ടോ ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കേരള പോലീസിൽ ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുണ്ടോ ; വെളിപ്പെടുത്തുമോ ;

(സി) പോലീസിലെ ക്രിമിനലിസം നിരീക്ഷിച്ച് നടപടിയെടുക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. പോലീസ് സേനയിൽ ഉൾപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ അവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20-3-2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്കെതിരെയുള്ള കോടതി വിധിയും ബന്ധപ്പെട്ട രേഖകളും എ.ഡി.ജി.പി. (ഇന്റലിജൻസ്) സൂക്ഷ്മമായി പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ പോലീസ് സേനയിൽ അംഗമാകാൻ/തുടരാൻ യോഗ്യരാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. കോടതി കുറ്റവിമുക്തരാക്കുന്ന ഉദ്യോഗസ്ഥരുടെ കേസുകളിൽപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർ സർവ്വീസിൽ തുടരാൻ യോഗ്യരാണോ എന്ന കാര്യം പരിശോധിക്കുന്നുണ്ട്. പോലീസുദ്യോഗസ്ഥൻമാർ കറ്റകൃത്യങ്ങളിൽ പങ്കാളികളാണെന്നോ കറ്റകൃത്യം ചെയ്യുവെന്നോ പരാതി ഉണ്ടായാൽ തന്നെ ആയത് വളരെ ഗൗരവമേറിയ സംഗതിയായി പരിഗണിച്ചുകൊണ്ട് സസ്പെൻഷൻ, സ്ഥലംമാറ്റം, വകുപ്പ് അച്ചടക്ക നടപടി മുതലായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള നടപടികൾ സൂഷ്മമായി പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ എ.ഡി.ജി.പി.-മാർ അടങ്ങുന്ന ഒരു അവലോകന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്.

(ബി) കേരള പോലീസിൽ ചില പോലീസുദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇവർ കറ്റക്കാരാണോയെന്ന് അറിവാകുകയുള്ളൂ.

(സി) പോലീസ് സേനയിലെ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ കറ്റകരമായി പ്രവർത്തിക്കുന്ന പക്ഷം അക്കാര്യം വിശദമായി പരിശോധിക്കുകയും അവർക്കെതിരെ വകുപ്പുതല/ക്രിമിനൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് വിഭാഗവും നിരീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന സംഭവങ്ങൾ നിയന്ത്രിക്കുന്നതിനും പോലീസ് സേനയെ കറ്റവിമുക്തമാക്കുന്നതിനായും ഫലപ്രദമായ നടപടികളുണ്ട്. വ്യക്തിപരമായ കാരണങ്ങളാലോ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതിനാലോ പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ഗൗരവമായി കണ്ടുകൊണ്ട് അത്തരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും മേലിൽ അത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനുമായി സർക്കാരും സംസ്ഥാന പോലീസ് മേധാവിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളുടെ വസ്തുതകൾ പരിശോധിച്ച് കറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും ഗുരുതരമായ കറ്റകൃത്യം നടത്തുന്നവരെ കേരള പോലീസ് ആക്ടിലെ വകുപ്പ് 86 പ്രകാരം സേനയിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥരെ സംബന്ധിക്കുന്ന വിശദാംശങ്ങൾ എ.ഡി.ജി.പി.-മാരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നുണ്ട്.